**FINAL ANSWER KEY**

| | |
|---|---|
| Question Paper Code: | 127/2025/OL |
| Category Code: | 108/2025 |
| Exam: | High School Teacher (Malayalam) |
| Date of Test | 07-11-2025 |
| Department | Education |

Question1:-ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട താഴെ തന്നിരിക്കുന്ന പ്രസ്താവനകളുടെ ശരിയായ ആരോഹണാടിസ്ഥാനത്തിലുള്ള ക്രമീകരണം ഏതാണെന്ന് കണ്ടെത്തുക.

1. രവി നദീതീരത്ത് നെഹ്റു ത്രിവർണ്ണ പതാക ഉയർത്തിക്കൊണ്ട് പരിപൂർണ്ണ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.
2. ഡോ. എം.എ. അൻസാരിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ ചേർന്ന സർവ്വകക്ഷി സമ്മേളനം മോത്തിലാൽ നെഹ്റു അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചു.
3. കേന്ദ്ര നിയമനിർമ്മാണ സഭയിലെ സ്വരാജ് പാർട്ടി നേതാവായി മോത്തിലാൽ നെഹ്റു തിരഞ്ഞെടുക്കപ്പെട്ടു.
4. ഡൽഹിയിലെ സെൻട്രൽ അസംബ്ലിഹാളിൽ ഭഗത് സിങ്ങിൻറെ നേതൃത്വത്തിൽ ബോംബ് സ്ഫോടനം നടത്തി.

A:-1, 3, 4, 2

B:-3, 1, 2, 4

C:-2, 4, 3, 1

D:-3, 2, 4, 1

Correct Answer:- Option-D

Question2:-താഴെ തന്നിരിക്കുന്നവയിൽ ഗാന്ധിജിയെ ആകർഷിച്ച ജോൺ റസ്കിൻറെ 'ഈ അവസാനം വരെ' (അൺ ടു ദിസ് ലാസ്റ്റ്) എന്ന കൃതിയിലെ ആശയം അല്ലാത്തത് കണ്ടെത്തുക.

1. ശരിയായ കാര്യം ചെയ്യുക എന്നത് നിയമത്തെ അനുസരിക്കുന്നതിനേക്കാൾ മാന്യതയുള്ളതാണ്.
2. തൊഴിലാളിയുടെയോ കൃഷീവലൻറെയോ ജീവിതമാണ് ശരിയായ ജീവിതം.
3. ഹിംസ ഹിംസിക്കുന്നവരെ കൂടുതൽ ക്രൂരരാക്കുകയും അതിന് ഇരയായവരെ പകയുള്ളവരും ആക്കും.
4. ഒരു തുമ്പ കൈയ്യിലുള്ള തൊഴിലാളി, കേസ് നടത്തുന്ന അഭിഭാഷകനെ പോലെ തന്നെ ശരിക്കും സമൂഹത്തെ സേവിക്കുന്നുണ്ട്.

A:-1, 3

B:-3 മാത്രം

C:-2, 4

D:-4 മാത്രം

Correct Answer:- Option-A

Question3:-പട്ടിക ഒന്നിൽ തന്നിട്ടുള്ളവയെ പട്ടിക രണ്ടുമായി ചേരും പടി ചേർക്കുക.

| പട്ടിക ഒന്ന് | പട്ടിക രണ്ട് |
|---|---|
| 1. സന്താൾ കലാപം | (i) 1831 |
| 2. കോൾ കലാപം | (ii) 1783 |
| 3. ഭില്ലുകളുടെ കലാപം | (iii) 1855 |
| 4. രഗ്പൂർ കലാപം | (iv) 1819 |

A:-1-(iii), 2-(i), 3-(iv), 4-(ii)

B:-1-(iii), 2-(iv), 3-(ii), 4-(i)

C:-1-(i), 2-(iv), 3-(iii), 4-(ii)

D:-1-(iv), 2-(ii), 3-(i), 4-(iii)

Correct Answer:- Option-A

Question4:-സ്വാമി ദയാനന്ദ സരസ്വതിയെക്കുറിച്ച് തന്നിട്ടുള്ള പരാമർശങ്ങളിൽ തെറ്റായ പരാമർശം കണ്ടെത്തുക.
1. ഹിന്ദുമതത്തിലെ അനാചാരങ്ങളായ ജാതിവ്യത്യാസം ബാലവിവാഹം, വിഗ്രഹാരാധന എന്നിവയെ ദയാനന്ദ സരസ്വതി എതിർത്തു.
2. സത്യാർത്ഥ പ്രകാശം എന്ന കൃതിയിലൂടെ ദയാനന്ദ സരസ്വതി തൻറെ ആശയങ്ങൾ പ്രചരിപ്പിച്ചു.
3. ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രചരണത്തിനായി ദയാനന്ദ സരസ്വതി കൽക്കട്ടയിൽ ഹിന്ദു കോളേജ് സ്ഥാപിച്ചു.
4. പുരാണ ഇതിഹാസങ്ങളേക്കാൾ വേദാധിഷ്ഠിതമായ ഒരു നവീന ഹിന്ദു സംസ്കാരം കെട്ടിപ്പടുക്കുന്നതിലാണ് ദയാനന്ദ സരസ്വതി ശ്രദ്ധിച്ചത്.

A:-1 മാത്രം

B:-2, 3 എന്നിവ

C:-3 മാത്രം

D:-1, 4 എന്നിവ

Correct Answer:- Option-C

Question5:-താഴെ തന്നിരിക്കുന്ന നവോത്ഥാന നായകരുടെയും അവരുടെ സംഘടനയുടെയും പട്ടിക തമ്മിൽ ശരിയായ രീതിയിൽ യോജിപ്പിച്ചത് ഏതാണെന്ന് നൽകിയ കോഡിലൂടെ കണ്ടെത്തുക.

| നവോത്ഥാനനായകർ | സംഘടന |
|---|---|
| 1. ബദറുദ്ദീൻ തിയാബ്ജി | (i) വഹാബി പ്രസ്ഥാനം |
| 2. സെയ്ദ് അഹമ്മദ് | (ii) രഹ്നുമയ് മസ്ദയാസൻ സഭ |
| 3. ദാദാഭായ് നവറോജി | (iii) അൻജുമാനി ഇസ്ലാം |
| 4. മിർസ ഗുലാം | (iv) അഹമ്മദീയ പ്രസ്ഥാനം |

A:-1-(iv), 2-(i), 3-(iii), 4-(ii)

B:-1-(iii), 2-(i), 3-(ii), 4-(iv)

C:-1-(iii), 2-(ii), 3-(iv), 4-(i)

D:-1-(i), 2-(ii), 3-(iii), 4-(iv)

Correct Answer:- Option-B

Question6:-കുടുംബശ്രീയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.
1. ഏഷ്യയിലെ ഏറ്റവും വലിയ വനിതാകൂട്ടായ്മയാണ് കുടുംബശ്രീ.
2. കുടുംബശ്രീയുടെ ഉത്ഘാടനം മലപ്പുറത്ത് വച്ച് നടത്തിയത് ഡോ. മൻമോഹൻസിങ് ആണ്.
3. എല്ലാ വർഷവും മെയ് 17 കുടുംബശ്രീ ദിനമായി ആഘോഷിക്കാൻ കേരള സർക്കാർ തീരുമാനിച്ചു.
4. കുടുംബശ്രീ വഴി ഗ്രാമീണ സ്ത്രീകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല'.

A:-എല്ലാം ശരിയാണ്

B:-3, 4 ശരിയാണ്

C:-2, 3, 4 ശരിയാണ്

D:-1, 3, 4 ശരിയാണ്

Correct Answer:- Option-D

Question7:-എന്താണ് സി-സ്പേസ് (c-space)?

A:-ആരോഗ്യ ഇൻഷുറൻസ് പദ്ധതി

B:-ഹേലീസ് മൊബൈൽ അപ്ലിക്കേഷൻ

C:-ഒ.ടി.ടി. പ്ലാറ്റ്ഫോം

D:-ഗോൾഡ്  എ.ടി.എം. കൗണ്ടർ

Correct Answer:- Option-C

Question8:-താഴെ തന്നിരിക്കുന്ന ഓടക്കുഴൽ അവാർഡ്  ജേതാക്കളെ അവരുടെ കൃതികളുമായി ചേരും പടി ചേർക്കുക.

എഴുത്തുകാർ                    കൃതി
1. എസ്  ജോസഫ്              (i) ഓരോ ജീവിതം വിലപ്പെട്ടതാണ്
2. എം.എ. രഹ്മാൻ              (ii) ചന്ദ്രനോടൊപ്പം
3. അംബികാസുതൻ മാങ്ങാട്    (iii) മറുപിറവി
4. സേതു                      (iv) പ്രാണവായു

A:-1-(i), 2-(iv), 3-(iii), 4-(ii)

B:-1-(ii), 2-(i), 3-(iv), 4-(iii)

C:-1-(i), 2-(iii), 3-(iv), 4-(ii)

D:-1-(iii), 2-(i), 3-(ii), 4-(iv)

Correct Answer:- Option-B

Question9:-സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത നേടിയ രാജ്യത്തെ ആദ്യ ഗ്രാമപഞ്ചായത്ത്  ഏതാണ്?

A:-ആലപ്പുഴയിലെ ചെറുതന

B:-തൃശ്ശൂരിലെ അളഗപ്പനഗർ

C:-കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ

D:-പാലക്കാട്  ജില്ലയിലെ ശ്രീകൃഷ്ണപുരം

Correct Answer:- Option-C

Question10:-ഗാന്ധി സമാധാന പുരസ്കാരവുമായി ബന്ധപ്പെട്ട താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച്  തെറ്റായ പ്രസ്താവന കണ്ടെത്തുക.

1. ഗാന്ധിജിയുടെ 125ആം ജന്മശതാബ്ദിയോടനുബന്ധിച്ചാണ്  ഗാന്ധി സമാധാന പുരസ്കാരം ഏർപ്പെടുത്തിയത്.
2. പ്രധാനമന്ത്രി അദ്ധ്യക്ഷനായ അഞ്ചംഗ കമ്മിറ്റിയാണ്  ഗാന്ധി സമാധാന പുരസ്കാര ജേതാക്കളെ തീരുമാനിക്കുന്നത്.
3. ഗാന്ധി സമാധാന പുരസ്കാരത്തിന്  ആദ്യം അർഹനായ വ്യക്തി ഡോ. നെൽസൺ മണ്ഡേല ആണ്.
4. 2021ലെ ഗാന്ധി സമാധാന പുരസ്കാരത്തിന്  തിരഞ്ഞെടുക്കപ്പെട്ടത്  ഗൊരഖ്പൂരിലെ ഗീത പ്രസ്സ്  ആണ്.

A:-എല്ലാം തെറ്റാണ്

B:-2, 3 തെറ്റാണ്

C:-3, 4 തെറ്റാണ്

D:-3 മാത്രം തെറ്റാണ്

Correct Answer:- Option-D

Question11:-പട്ടിക എ, പട്ടിക ബി എന്നിവ പരിശോധിച്ച്  അവയുടെ ശരിയായ ബന്ധം താഴെ തന്നിരിക്കുന്ന കോഡുകളിൽ നിന്നും കണ്ടെത്തുക.

പട്ടിക A                       പട്ടിക B
1. ദേശീയ ബാലികാ ദിനം          (i) ഒക്ടോബർ 11
2. അന്താരാഷ്ട്ര ബാലികാ ദിനം    (ii) ജൂലൈ 12
3. ദേശീയ വനിതാ ദിനം           (iii) ജനുവരി 24
4. മലാല ദിനം                  (iv) ഫെബ്രുവരി 13

A:-1-(iii), 2-(i), 3-(iv), 4-(ii)

B:-1-(iii), 2-(iv), 3-(i), 4-(ii)

C:-1-(iv), 2-(iii), 3-(i), 4-(ii)

D:-1-(iv), 2-(ii), 3-(i), 4-(iii)

Correct Answer:- Option-A

Question12:-താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിച്ച്  തെറ്റായ പ്രസ്താവന കണ്ടെത്തുക.
1. വംശനാശഭീഷണി നേരിടുന്ന കടുവകളെ സംരക്ഷിക്കാനായി കേന്ദ്ര സർക്കാർ 1975ൽ ആരംഭിച്ച പദ്ധതി ആണ് പ്രോജക്ട് ടൈഗർ.
2. ആസ്സാമിലെ കാസിരംഗ നാഷണൽ പാർക്കിലാണ് പ്രോജക്ട് ടൈഗർ പദ്ധതി ആരംഭിച്ചത്.
3. ഇന്ത്യയിലെ ഏറ്റവും വലിയ കടുവ സംരക്ഷണ കേന്ദ്രം ഉത്തരാഖണ്ഡിലെ ജിം കോർബറ്റ് നാഷണൽ പാർക്ക് ആണ്.
4. പ്രോജക്ട് ടൈഗറിൻറെ ആദ്യ ഡയറക്ടർ കൈലാഷ് സങ്കല ആണ്.

A:-2, 3, 4 തെറ്റാണ്

B:-2, 3 തെറ്റാണ്

C:-1, 2, 3 തെറ്റാണ്

D:-1, 4 തെറ്റാണ്

Correct Answer:- Option-B

Question13:-പട്ടിക ഒന്നിൽ ഉള്ളവയോട് യോജിക്കുന്നവ പട്ടിക രണ്ട് പട്ടിക മൂന്ന് എന്നിവയുമായി ശരിയായി യോജിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന കോഡുപയോഗിച്ച് കണ്ടെത്തുക.

| പട്ടിക-1 | പട്ടിക-2 | പട്ടിക-3 |
|---|---|---|
| 1. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | 1. സെക്കൻററി വിദ്യാഭ്യാസം | 1. UGC |
| 2. മുതലിയാർ കമ്മീഷൻ | 2. സർവ്വകലാശാല വിദ്യാഭ്യാസം | 2. നവോദയ വിദ്യാലയം |
| 3. കോത്താരി കമ്മീഷൻ | 3. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം | 3. 10+2+3 |
| 4. പുത്തൻ വിദ്യാഭ്യാസ നയം | 4. വിദ്യഭ്യാസത്തിൻറെ ദേശീയ മാതൃക | 4.ത്രിഭാഷാപദ്ധതി |

A:-1 - 2(2), 3(1)
2 - 2(1), 3(4)
3 - 2(4), 3(3)
4 - 2(3), 3(2)

B:-1 - 2(1), 3(3)
2 - 2(2), 3(4)
3 - 2(4), 3(1)
4 - 2(3), 3(1)

C:-1 - 2(2), 3(2)
2 - 2(3), 3(1)
3 - 2(1), 3(3)
4 - 2(2), 3(4)

D:-1 - 2(3), 3(1)
2 - 2(1), 3(2)
3 - 2(2), 3(1)
4 - 2(2), 3(1)

Correct Answer:- Option-A

Question14:-'കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിലെ തീക്കനൽ' എന്ന് വിശേഷിപ്പിക്കപ്പെട്ടത് താഴെ പറയുന്നവരിൽ ആരാണ്?

A:-ഗ്ലോറിയ സ്റ്റെയ്ൻ

B:-ഡൊറോത്തി ഹ്യൂസ്

C:-കൈലാഷ്  സത്യാർത്ഥി

D:-ഇസ്ര ഹിർസി

Correct Answer:- Option-B

Question15:-എഴുത്തച്ഛൻ പുരസ്കാരവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതാണെന്ന് കൊടുത്തിരിക്കുന്ന കോഡുകളിൽനിന്നും കണ്ടെത്തുക.
1. സാഹിത്യരംഗത്തെ സമഗ്രസംഭാവനക്ക് കേരള സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരം ആണ് എഴുത്തച്ഛൻ പുരസ്കാരം.
2. 1993ൽ ശൂരനാട് കുഞ്ഞൻപിള്ള ആദ്യമായി എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായി.
3. 2022ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത് സി. രാധാകൃഷ്ണനാണ്.
4. 2021ലെ എഴുത്തച്ഛൻ പുരസ്കാരം നോവലിസ്റ്റും കഥാകൃത്തുമായ പി. വത്സല നേടി.

A:-1, 2 ശരിയാണ്

B:-2, 3, 4 ശരിയാണ്

C:-4 മാത്രം ശരിയാണ്

D:-1, 2, 4 ശരിയാണ്

Correct Answer:- Option-D

Question16:-ചേരും പടി ചേർക്കുക.
a) കൈത്താങ്ങ് 1. ഗാഗ്നെ
b) കണ്ടെത്തൽ പഠനം 2. ഹോവാർഡ്  ഗാർഡ്നർ
c) ബഹുമുഖ ബുദ്ധി 3. വൈഗോട്സ്കി
d) പഠനശ്രേണി മാതൃക 4. ബ്രൂണർ

A:-a-3, b-4, c-2, d-1

B:-a-3, b-2, c-4, d-1

C:-a-4, b-2, c-3, d-1

D:-a-1, b-3, c-2, d-4

Correct Answer:- Option-A

Question17:-ബ്ലൂമിൻറെ വൈകാരികമണ്ഡലത്തിൽ ഉൾപ്പെടുന്ന തലങ്ങൾ ഏതൊക്കെ?
a) സ്വീകരണം
b) പ്രയോഗം
c) പ്രതികരണം
d) സംഘാടനം

A:-a, b മാത്രം

B:-a, c, d മാത്രം

C:-b, d മാത്രം

D:-b, c, d മാത്രം

Correct Answer:- Option-B

Question18:-നല്ല ശോധകത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A:-പ്രായോഗികത (Practicability)

B:-സാധുത (Validity)

C:-വിശ്വാസ്യത (Reliability)

D:-ലാളിത്യം (Simplicity)

Correct Answer:- Option-D

Question19:-'സാമൂഹിക കുടുംബ'ത്തിൽ ഉൾപ്പെടുന്ന മാതൃകയേത്?

A:-ആശയ സമ്പാദനമാതൃക

B:-പാത്ര നാട്യം

C:-പ്രത്യക്ഷ ബോധനമാതൃക

D:-മുൻകൂർ സംഘാടനം

Correct Answer:- Option-B

Question20:-ക്രിയാഗവേഷണത്തിൻറെ ഘട്ടങ്ങളിൽ ശരിയായ ക്രമം ഏത്?
a) ക്രിയാ പരികല്പന രൂപീകരിക്കൽ
b) പ്രശ്നത്തെ നിർവചിക്കലും പരിധി നിശ്ചയിക്കലും
c) ക്രിയാഗവേഷണത്തിൻറെ പരിസമാപ്തി
d) ക്രിയാ പരികൽപനയുടെ പരിശോധന

A:-b, a, d, c

B:-a, b, c, d

C:-d, b, c, a

D:-b, c, a, d

Correct Answer:- Option-A

Question21:-ദേശത്തുടയോൻ എന്ന കവിതാസമാഹാരത്തിൻറെ കർത്താവാര്?

A:-കെ. സച്ചിദാനന്ദൻ

B:-ബാലചന്ദ്രൻ ചുള്ളിക്കാട്

C:-കെ.ആർ. ടോണി

D:-കെ.ജി. ശങ്കരപ്പിള്ള

Correct Answer:- Option-D

Question22:-പാട്ടുകാവ്യങ്ങളിലെ ഘടകപ്രാസം എന്നതുകൊണ്ട് പി. ശങ്കരൻ നമ്പ്യാർ അർഥമാക്കുന്നത് എന്ത്?

A:-അന്താദിപ്രാസം

B:-എതുക

C:-മോന

D:-പാദാന്തപ്രാസം

Correct Answer:- Option-A

Question23:-"ഭീഷ്മസമാനനരിനിവഹത്തിനു
ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ

തോറ്റ സുയോധനനാദികളാകിയ
നൂറ്റുപേരെന്തൊന്നു ചെയ്തതു ചൊല്ലു നീ"
- ശ്രീ മഹാഭാരതം കിളിപ്പാട്ടിൽ ഏതു പർവത്തിലാണ് ഈ വരികളുള്ളത്?

A:-ഭീഷ്മപർവം

B:-ദ്രോണപർവം

C:-കർണ്ണപർവം

D:-സംഭവപർവം

Correct Answer:- Option-B

Question24:-"അറിയുന്നതാർ കടൽക്കാക്കയെ? അതിൻ നീണ്ട
ചിറകിൻ വളവിനെ? അപ്പക്ഷി നുരകണ-
ക്കമരും തിരകളെ, അവപോയ്ത്തഴുകുന്ന
ചിരസുന്ദരനീല പ്രാലേയസ്വപ്നങ്ങളെ?"
- ഈ വരികൾ എഴുതിയ കവി ആര്?

A:-ഒ.എൻ.വി. കുറുപ്പ്

B:-എൻ.വി. കൃഷ്ണവാരിയർ

C:-എൻ.എൻ. കക്കാട്

D:-വൈലോപ്പിള്ളി ശ്രീധരമേനോൻ

Correct Answer:- Option-B

Question25:-കേരളഭാഷാ വനിതയ്ക്കുള്ള ആഭരണങ്ങളിൽ ഏറ്റവും പഴക്കവും തിളക്കവും കൂടുന്ന ഒന്നാണ് കൃഷ്ണഗാഥ എന്ന് അഭിപ്രായപ്പെട്ടതാര്?

A:-സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള

B:-ടി.എം. ചുമ്മാർ

C:-എൻ. കൃഷ്ണപിള്ള

D:-ഉള്ളൂർ എസ്. പരമേശ്വര അയ്യർ

Correct Answer:- Option-A

Question26:-"മാവേലിതൻറെ വരവിൽ സ്തവമാർത്തു ബാലർ
പൂവട്ടിയൊക്കെ നിറയുംപടി പൂവറുത്ത്
ഭാവംതെളിഞ്ഞവകളിട്ടു നിജാങ്കണങ്ങ-
ളാവിർമുദാ പലവിധത്തിലണിഞ്ഞിടുന്നു"
- ഓണത്തെ അനുസ്മരിപ്പിക്കുന്ന ഈ വരികൾ ഏതു കൃതിയിൽ ഉള്ളതാണ്?

A:-ഉണ്ണുനീലി സന്ദേശം

B:-മലയാം കൊല്ലം

C:-മയൂരസന്ദേശം

D:-കേരളം

Correct Answer:- Option-B

Question27:-നക്ഷത്രങ്ങളെയും പൂക്കളെയുംകുറിച്ചു മാത്രം പാടിയ ജി. ശങ്കരക്കുറുപ്പിൻറെ കവിതയ്ക്ക് ജീവിതവുമായി യാതൊരിടപാടും ഉണ്ടായിരുന്നില്ല എന്ന് വിമർശിച്ച നിരൂപകനാര്?

A:-ജോസഫ് മുണ്ടശ്ശേരി

B:-എം.പി. പോൾ

C:-കുട്ടികൃഷ്ണമാരാര്

D:-സുകുമാർ അഴീക്കോട്

Correct Answer:- Option-A

Question28:-"പാലാഴിത്തയ്യലാൾതൻതിരുനയനകലാ ലോലലോലംബമാലാ -
ലീലാരംഗം ഭുജംഗേശ്വരമണിശയനേ തോയരാശൗ ശയാനം"
- എന്നു തുടങ്ങുന്ന ദേവസ്തുതിയുള്ള കാവ്യം ഏതാണ്?

A:-ചന്ദ്രോൽസവം

B:-നാരായണീയം ഭാഷാ ചമ്പു

C:-വൈശികതന്ത്രം

D:-രാമായണം ചമ്പു

Correct Answer:- Option-B

Question29:-'വൈലോപ്പിള്ളിക്കവിതകൾക്ക് വ്യക്തമായ രണ്ട് തലങ്ങളുണ്ട്. വിരുദ്ധവും പരസ്പരപൂരകവുമല്ലാത്ത രണ്ട് വ്യത്യസ്തധ്രുവങ്ങളിലാണ് ആ കവിതയുടെ കാച്ചിക്കുറുക്കിയ സൗന്ദര്യമുള്ളത്' - എന്ന് അഭിപ്രായപ്പെട്ടതാര്?

A:-എം.എൻ. വിജയൻ

B:-എം. ലീലാവതി

C:-കെ. അയ്യപ്പപ്പണിക്കർ

D:-എം.പി. ശങ്കുണ്ണിനായർ

Correct Answer:- Option-C

Question30:-ചൂലാൽ തല്ലു - 'ചൂലാറ്റല്ലു' എന്ന് സന്ധിപ്രയോഗമുള്ള ചമ്പൂകാവ്യം ഏത്?

A:-ഉണ്ണിയച്ചീ ചരിതം

B:-ഉണ്ണിച്ചിരുതേവീ ചരിതം

C:-ഉണ്ണിയാടീ ചരിതം

D:-രാമായണം ചമ്പു

Correct Answer:- Option-A

Question31:-ചുവടെ കാണുന്നതിൽ ഇന്ദുലേഖയിലെ കഥാപാത്രം അല്ലാത്തത് ആര്?

A:-സൂരിനമ്പൂതിരി

B:-ചെറുശ്ശേരി നമ്പൂതിരി

C:-രാമൻ മേനോൻ

D:-ലക്ഷ്മിക്കുട്ടിയമ്മ

Correct Answer:- Option-C

Question32:-"എരുമത്ര മഠം ആർക്കോ താമസത്തിനു കൊടുക്കാൻ പോകുന്നു. വാർത്ത കേട്ടപാതി കേൾക്കാത്ത പാതി കോടാന്ത്ര മൂത്താശാൻ അങ്ങോട്ടോടി" മലയാളത്തിലെ പ്രസിദ്ധമായ ഒരു നോവൽ ആരംഭിക്കുന്നത് ഇങ്ങനെയാണ്. ഏതാണ് ആ നോവൽ?

A:-കയർ

B:-തലമുറകൾ

C:-ശാരദ

D:-യന്ത്രം

Correct Answer:- Option-A

Question33:-The Infinity of Grace ഏത് മലയാള നോവലിൻറെ ഇംഗ്ലീഷ് പരിഭാഷയാണ്?

A:-പ്രകൃതിനിയമം

B:-മധുരം ഗായതി

C:-ഗുരുസാഗരം

D:-പുഴ മുതൽ പുഴ വരെ

Correct Answer:- Option-C

Question34:-ചുവടെ പറയുന്നവയിൽ എം.ടി.യെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
i) 2024 ഡിസംബർ 25ന് അന്തരിച്ചു.
ii) എൻ.പി. മുഹമ്മദുമായി ചേർന്ന് അറബിപ്പൊന്ന് എന്ന നോവൽ എഴുതി.
iii) ഒരു വടക്കൻ വീരഗാഥ എന്ന ചലച്ചിത്രം സംവിധാനം ചെയ്തു.
iv) ആൾക്കൂട്ടത്തിൽ തനിയെ എന്ന നോവലിൻറെ കർത്താവാണ്.

A:-i, ii

B:-i, iv

C:-i, iii

D:-ii, iii

Correct Answer:- Option-A

Question35:-കൽക്കത്തയിലെ അഭയാർത്ഥി ജീവിതം പ്രമേയമാക്കി ഇ. സന്തോഷ് കുമാർ എഴുതിയ നോവൽ ഏത്?

A:-നാരകങ്ങളുടെ ഉപമ

B:-അന്ധകാരനഴി

C:-അമ്യൂസ്മെൻറ് പാർക്ക്

D:-തപോമയിയുടെ അച്ഛൻ

Correct Answer:- Option-D

Question36:-'സത്യം തെളിഞ്ഞു', 'കല്യാണിക്കുട്ടി', 'കേളുണ്ണിമൂപ്പിൽ നായർ' എന്നീ ആദ്യകാല കഥകളുടെ കർത്താവാര്?

A:-സി.എസ്. ഗോപാലപ്പണിക്കർ

B:-അമ്പാടി നാരായണപ്പൊതുവാൾ

C:-ഒട്ടുവിൽ കുഞ്ഞുകൃഷ്ണമേനോൻ

D:-മൂർക്കോത്ത് കുമാരൻ

Correct Answer:- Option-C

Question37:-താഴെ പറയുന്നവയിൽ ശരിയായ ജോഡികൾ ഏതെല്ലാം?
i) പൊൻകുന്നം വർക്കി - മന്ത്രിക്കെട്ട്
ii) കേശവദേവ് - തേന്മാവ്
iii) എസ്.കെ. പൊറ്റക്കാട് - ഏഴിലംപാല
iv) കാരൂർ നീലകണ്ഠ പിള്ള - മോതിരം

A:-i, ii, iv

B:-i, ii, iii

C:-i, iii, iv

D:-ii, iii, iv

Correct Answer:- Option-C

Question38:-'പെരുമഴയുടെ പിറ്റേന്ന്' എം.ടി.യുടെ കഥയാണ്. എന്നാൽ 'പെരുമഴപോലെ' ആരെഴുതിയ കഥയാണ്?

A:-മാധവിക്കുട്ടി

B:-നന്തനാർ

C:-കാരൂർ

D:-ടി. പത്മനാഭൻ

Correct Answer:- Option-D

Question39:-മഞ്ഞ്, ഓക്കിനാവയിലെ പതിവ്രതകൾ എന്നിവ ആരുടെ കഥാസമാഹാരങ്ങളാണ്?

A:-എം.ടി. വാസുദേവൻ നായർ

B:-എം. സുകുമാരൻ

C:-പട്ടത്തുവിള കരുണാകരൻ

D:-യു.പി. ജയരാജ്

Correct Answer:- Option-D

Question40:-അവതാരിക ഭൂപടങ്ങൾക്ക് ആരുടെ കഥാസമാഹാരമാണ്?

A:-ബി. മുരളി

B:-ടി.വി. കൊച്ചുബാവ

C:-ഉണ്ണി ആർ

D:-ജി.ആർ. ഇന്ദുഗോപൻ

Correct Answer:- Option-B

Question41:-ചങ്ങമ്പുഴയുടെ ആത്മകഥയേത്?

A:-ജീവിതത്തിൻറെ താളുകൾ

B:-തുടിക്കുന്ന താളുകൾ

C:-ഓർമ്മകളുടെ അറകൾ

D:-ഓർമ്മയുടെ ഓളങ്ങൾ

Correct Answer:- Option-B

Question42:-"ചെമ്പൈ - സംഗീതവും ജീവിതവും" ഏത് വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതി?

A:-ആത്മകഥ

B:-തർജ്ജമ

C:-ജീവചരിത്രം

D:-വൈജ്ഞാനിക സാഹിത്യം

Correct Answer:- Option-C

Question43:-"പുരുഷാന്തരങ്ങളിലൂടെ" എഴുതിയതാര്?

A:-എൻ.വി. കൃഷ്ണവാര്യർ

B:-എസ്.കെ. പൊറ്റക്കാട്

C:-വയലാർ രാമവർമ്മ

D:-രാജൻ കാക്കനാടൻ

Correct Answer:- Option-C

Question44:-"എൻറെ ജീവിതം" എന്ന ആത്മകഥയുടെ രചയിതാവ്?

A:-കല്ലേൽ പൊക്കുടൻ

B:-താഹമാടായി

C:-ശ്രീജിത്ത് പൈതേലൻ

D:-എ.കെ. ഗോപാലൻ

Correct Answer:- Option-C

Question45:-താഴെ കൊടുത്തിരിക്കുന്നവയിൽ സഞ്ചാര സാഹിത്യ കൃതിയേത്?
i) ബിലാത്തി വിശേഷം
ii) എൻറെ നാടുകടത്തൽ
iii) നാദബ്രഹ്മം തേടി
iv) അടുക്കളയിൽ നിന്ന് പാർലമെൻറിലേക്ക്

A:-i, ii & iii

B:-ii & iv

C:-i മാത്രം

D:-iv മാത്രം

Correct Answer:- Option-C

Question46:-'ചോരശാസ്ത്രം' ആരുടെ രചനയാണ്?

A:-ചെമ്മനം ചാക്കോ

B:-വി.ജെ. ജെയിംസ്

C:-ജോൺ ടി.വി.

D:-ജോൺ എബ്രഹാം

Correct Answer:- Option-B

Question47:-മലയാളത്തിലെ ആദ്യ ഗണിതശാസ്ത്ര ഗ്രന്ഥമേത്?

A:-ഭാഷാകൗടലീയം

B:-യുക്തിഭാഷ

C:-ഹോരാ ശാസ്ത്രം

D:-പഞ്ചാംഗം

Correct Answer:- Option-B

Question48:-'ബൃഹദ്ജ്ജാതകം' എന്നറിയപ്പെടുന്ന കൃതിയേത്?

A:-ഹോരാ ശാസ്ത്രം

B:-പഞ്ചാംഗം

C:-കുഴീക്കാട്ട് പച്ച

D:-ദൂതവാക്യം

Correct Answer:- Option-A

Question49:-താഴെ കൊടുത്തിരിക്കുന്നതിൽ കേരളത്തിലെ ആദ്യകാല കൃഷി രീതികൾ ഏത്?
i) മുണ്ടകൻ, വിരിപ്പ്, പുഞ്ച
ii) ഇരിപ്പൂ കൃഷി
iii) ഇവയൊന്നുമല്ല
iv) മധ്യകാലയിനം, ഹ്രസ്വകാലയിനം

A:-iv & ii

B:-ii

C:-i

D:-iii

Correct Answer:- Option-C

Question50:-മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ ഏത്?
i) ഒമ്പാത്തി
ii) നൃത്തം
iii) യന്ത്രം
iv) യക്ഷി

A:-i

B:-ii

C:-iv & iii

D:-iii, i & ii

Correct Answer:- Option-B

Question51:-വിദ്യാവിനോദിനി മാസിക പ്രസിദ്ധീകൃതമായ വർഷം ഏത്?

A:-1881

B:-1847

C:-1886

D:-1889

Correct Answer:- Option-D

Question52:-മലയാളത്തിലെ ആദ്യത്തെ അന്തർവിജ്ഞാന വിമർശകൻ (Interdisciplinary critic) എന്നറിയപ്പെടുന്നത് ആര്?

A:-ജോസഫ് മുണ്ടശ്ശേരി

B:-കേസരി ബാലകൃഷ്ണപിള്ള

C:-കുട്ടികൃഷ്ണമാരാർ

D:-എം.പി. പോൾ

Correct Answer:- Option-B

Question53:-എം.കെ. സാനുവിൻറെ 'രാജവീഥി' എന്ന നിരൂപണ ഗ്രന്ഥത്തിൻറെ ഉള്ളടക്കം

താഴെപ്പറയുന്നവയിൽ ഏതാണ്?

A:-കവിതാവിമർശനം

B:-നാടകവിമർശനം

C:-ചങ്ങമ്പുഴക്കവിതകളുടെ വിമർശനം

D:-ബഷീർ കൃതികളെക്കുറിച്ചുള്ള വിമർശനം

Correct Answer:- Option-B

Question54:-"കവിത്വം ബീജം പ്രതിഭാനം" ഏത് പൗരസ്ത്യ ആലങ്കാരികനാണ് ഇങ്ങനെ പ്രസ്താവിച്ചത്?

A:-മമ്മടൻ

B:-ആനന്ദവർദ്ധനൻ

C:-കുന്തകൻ

D:-വാമനൻ

Correct Answer:- Option-D

Question55:-"വ്യാഖ്യാനിക്കുക, കാലഘട്ടത്തിൻറെ അഭിരുചിയെ സംസ്കരിക്കുക" - വിമർശനത്തിൻറെ ധർമ്മത്തെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെട്ട പാശ്ചാത്യനിരൂപകൻ ആര്?

A:-ടി.എസ്. എലിയറ്റ്

B:-പ്ലേറ്റോ

C:-അരിസ്റ്റോട്ടിൽ

D:-വേർഡ്സ് വർത്ത്

Correct Answer:- Option-A

Question56:-ഖണ്ഡനവിമർശനം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

A:-ഒരു കൃതി വിമർശകനിൽ ഉളവാക്കിയ പ്രതികരണം അവലംബമാക്കി ചെയ്യുന്ന വിമർശനം

B:-ഒരു കൃതിയെ സർവഥാ അനുകൂലിച്ച് ചെയ്യുന്ന വിമർശനം

C:-ഒരു കൃതിയെ അടിമുടി വിമർശിച്ച് ദോഷം മാത്രം കണ്ടെത്തുന്നത്

D:-പഴയ ആലങ്കാരികന്മാരുടെ സിദ്ധാന്തങ്ങൾ നിയമഘടകങ്ങളാക്കി നടത്തുന്ന വിമർശനം

Correct Answer:- Option-C

Question57:-ഉചിതമായവ ചേർത്തെഴുതുക.
1) ബുദ്ധനിലേക്കുള്ള ദൂരം - a) എസ്. ശാരദക്കുട്ടി
2) വിമർശന ഹരിതീകരണം - b) കെ.കെ. കൊച്ച്
3) ചെമ്മീൻ : തിരയും കഥയും - c) ഇ.എം.എസ്.
4) ജീവൽ സാഹിത്യവും സൗന്ദര്യബോധവും - d) ജി. മധുസൂദനൻ

A:-1-b, 2-c, 3-a, 4-d

B:-1-d, 2-c, 3-a, 4-b

C:-1-a, 2-b, 3-c, 4-d

D:-1-b, 2-d, 3-a, 4-c

Correct Answer:- Option-D

Question58:-ഒരു കാവ്യത്തിൻറെ അർത്ഥം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്ന ഗുണത്തെ വിളിക്കുന്ന പേര് എന്ത്?

A:-ഓജസ്സ്

B:-മാധുര്യം

C:-പ്രസാദം

D:-കാന്തി

Correct Answer:- Option-C

Question59:-തത്വചിന്തയ്ക്ക് 'രൂപങ്ങളെക്കുറിച്ചുള്ള സിദ്ധാന്തം' (Theory of Forms) അവതരിപ്പിക്കുന്ന പ്ലേറ്റോയുടെ കൃതി ഏത്?

A:-അപ്പോളജി

B:-റിപ്പബ്ലിക്

C:-സിംപോസിയം

D:-ഇയോൺ

Correct Answer:- Option-B

Question60:-മനശാസ്ത്ര നിരൂപണത്തിൽ ഫ്രോയിഡിൻറെ മാത്രം പാത പിൻപറ്റിയത് ആര്?

A:-എം.എൻ. വിജയൻ

B:-എം. ലീലാവതി

C:-ജോസഫ് മുണ്ടശ്ശേരി

D:-എം.പി. പോൾ

Correct Answer:- Option-A

Question61:-ഇംഗ്ലീഷിലെഴുതിയ മലയാളത്തിൻറെ ആദ്യത്തെ വ്യാകരണഗ്രന്ഥത്തിൻറെ പേര് പറയുക, രചയിതാവാര്?
i) Grammar of the Malabar Language (ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്)
ii) Robert Drummond (റോബർട്ട് ഡ്രമ്മണ്ട്)
iii) Indo Aryan Loan Words in Malayalam - Godavarma K.

A:-(i & ii) മാത്രം

B:-(i & iii) മാത്രം

C:-(ii & iii) മാത്രം

D:-(i, ii & iii)

Correct Answer:- Option-A

Question62:-തരിസാപ്പള്ളി ചെപ്പേടിൻറെ ഉള്ളടക്കമെന്ത്?
i) മരുവൻ സപീർ ഈശോക്ക്, വേണാട്ടു രാജാവായ അയ്യനടികൾ കൊടുക്കുന്ന ദാനം.
ii) തിരുവിടെക്കോട്ടു മാതേവർക്ക് തിരുനന്താവിളക്കു എരിക്കാൻ കൊടുക്കുന്ന ദാനം.
iii) കുരക്കേണികൊല്ലത്ത് എശോദാതപിരായി ചെയ്യിച്ച തരിസാപ്പള്ളിക്ക് വേണാട്ടു രാജാവ് അയ്യനടികൾ കൊടുക്കുന്ന ദാനം.

A:-(i & iii) മാത്രം

B:-(i, ii & iii)

C:-(ii) മാത്രം

D:-(ii & iii) മാത്രം

Correct Answer:- Option-A

Question63:-"ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
i) പ്രഥമസൂത്രപ്രകാരം സംസ്കൃതത്തിലെ വിഭക്ത്യന്തങ്ങളായ നാമങ്ങളും ക്രിയാപദങ്ങളും ഇടകലർന്നുള്ള ഭാഷാപ്രയോഗമാണ് മണിപ്രവാളം.
ii) 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്നതനുസരിച്ച ഭാഷാവ്യാഖ്യാനം എന്ന അർത്ഥത്തിൽ തമഴ്ക്കൂത്ത് എന്ന പദം ഇന്നും നാം ഉപയോഗിച്ചുവരുന്നതെന്ന് തോന്നുന്നു.
iii) പാണ്ഡ്യരുടെ എഴുകതന്നെയായ പദാനുപ്രാസ മണിപ്രവാളത്തിൻറെ ശബ്ദാലങ്കാരങ്ങളിലൊന്നായി ആറാം ശില്പത്തിൽ നിർദ്ദേശിക്കുന്നുണ്ട്.

A:-(i & ii) മാത്രം

B:-(i & iii) മാത്രം

C:-(ii & iii) മാത്രം

D:-(i, ii, iii)

Correct Answer:- Option-A

Question64:-പ്രാകൃതകക്ഷ്യാ എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നതെന്ത്?
i) പ്രകൃതിക്ക് പ്രാധാന്യമുള്ളത് എന്ന അർത്ഥത്തിലാണ് കക്ഷ്യയ്ക്ക് പ്രാകൃതം എന്ന് പേരിട്ടത്.
ii) പ്രത്യയങ്ങൾ ചേർത്ത് പ്രകൃതിക്ക് രൂപഭേദങ്ങൾ വരുത്തി പുതിയ അർത്ഥബന്ധങ്ങൾ ഉത്പാദിപ്പിക്കാതെ, പ്രകൃതികൾ മാത്രം ഉപയോഗിച്ച് വാക്യാശയം വ്യക്തമാക്കുന്നു.
iii) പ്രകൃതിയോട് പ്രത്യയങ്ങൾ ഒന്നിനുപിറകെ മറ്റൊന്ന് എന്ന രീതിയിൽ ചേർത്ത് ദീർഘപദഘടനകൾ സൃഷ്ടിക്കുക എന്നതാണ് ഈ കക്ഷ്യയിൽ ഉൾപ്പെട്ട ഭാഷകളുടെ സാമാന്യ സ്വഭാവം.

A:-(i & ii) മാത്രം

B:-(ii & iii) മാത്രം

C:-(i & iii) മാത്രം

D:-(i, ii & iii)

Correct Answer:- Option-A

Question65:-രൂപത്തെയും രൂപിമത്തെയും കുറിച്ചുള്ള ശരിയായ പ്രസ്താവനകളേത്?
i) ഭാഷയിലെ അർത്ഥയുക്തമായ ഏറ്റവും ചെറിയ മൂലകമാണ് രൂപം.
ii) ഒരേ അർത്ഥമുള്ള ഒന്നിലധികം രൂപങ്ങളുണ്ടെങ്കിൽ അവയെ ഒരു രൂപിമമായി കരുതാം.
iii) രൂപവിജ്ഞാനത്തിലെ മുഖ്യമായ അന്വേഷണവിഷയം വാക്യഘടകങ്ങളായ പദങ്ങളുടെ രൂപവത്കരണമാണ്.

A:-(i & ii) മാത്രം

B:-(ii & iii) മാത്രം

C:-(i & iii) മാത്രം

D:-(i, ii & iii)

Correct Answer:- Option-A

Question66:-പ്രതിപാദന വിഷയമാണ് ആഖ്യ. അതിനെക്കുറിക്കുന്ന ആഖ്യാനമാണ് അഖ്യാതം. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ ഉദാഹരണം എടുത്തെഴുതുക.
i) ഭൂമികുലുക്കം പാലത്തെ തകർത്തു.
ii) പാലത്തിൻറെ തകർച്ച ഭൂമികുലുക്കം മൂലമായിരുന്നില്ല.
iii) പാലത്തിൻറെ തകർച്ച ഭൂമികുലുക്കം മൂലമായിരുന്നു.

A:-(i & ii) മാത്രം

B:-(i & iii) മാത്രം

C:-(ii & iii) മാത്രം

D:-(i, ii & iii)

Correct Answer:- Option-B

Question67:-താഴെ കൊടുത്തിട്ടുള്ളവയിൽ ചേർന്നുനിൽക്കുന്നവ ഏതെല്ലാം?
i) മറ്റുധാതുക്കളെ സഹായിക്കാനായി അതിനടുത്തു പരമായി പ്രയോഗിക്കുന്ന ധാതുവാകുന്നു അനുപ്രയോഗം.
ii) ഉദാഹരണം - ഭേദകാനുപ്രയോഗം, കാലാനുപ്രയോഗം, പൂരണാനുപ്രയോഗം
iii) ഉദാഹരണം - നിയോജകം, വിധായകം, അനുജ്ഞാനരൂപം, നിർദ്ദേശകം

A:-(i & ii) മാത്രം

B:-(i & iii) മാത്രം

C:-(ii & iii) മാത്രം

D:-(i, ii & iii)

Correct Answer:- Option-A

Question68:-കിളിപ്പാട്ട്, തുള്ളൽപ്പാട്ട്, കൃഷ്ണഗാഥ, ഇരുപത്തിനാലുവൃത്തം, വഞ്ചിപ്പാട്ട്, എന്നിങ്ങനെ പാട്ടുകളെ വിഭജിക്കുന്ന ഒരു ക്രമമാണ് വൃത്തമഞ്ജരി സ്വീകരിച്ചത്.
(i) ശരിയാണ്
(ii) തെറ്റാണ്
(iii) ഇവരണ്ടുമല്ല

A:-(i) മാത്രം

B:-(ii) മാത്രം

C:-(iii) മാത്രം

D:-(i, ii, iii)

Correct Answer:- Option-A

Question69:-'ഭൂതകാലത്തിലുള്ളതു മുൻവിനയെച്ചം' - ശരിയായ ഉദാഹരണം തിരഞ്ഞെടുത്തെഴുതുക.
(i) രാമൻ വന്ന് കുളിച്ച് ഊൺകഴിച്ചു.
(ii) രാമൻ ഉണ്ണാൻ പോകുന്നു.
(iii) കള്ളം പറക ശരിയല്ല രാമൻ.

A:-(i) മാത്രം

B:-(ii) മാത്രം

C:-(iii) മാത്രം

D:-(i, ii, iii)

Correct Answer:- Option-A

Question70:-വ്യഞ്ജനങ്ങൾക്ക് ഉദാഹരണമാണ് താഴെകൊടുത്തിരിക്കുന്നത്. ഇവ ശരിയാണോ എന്ന് പരിശോധിക്കുക.
(i) ക, ഖ, ഗ, ഘ, ങ - കവർഗം
(ii) ച, ഛ, ജ, ഝ, ഞ - ചവർഗം
(iii) ട, ഠ, ഡ, ഢ, ണ - ടവർഗം

A:-(i) മാത്രം

B:-(ii) മാത്രം

C:-(i & ii) മാത്രം

D:-(i, ii, iii)

Correct Answer:- Option-D

Question71:-ഇന്ത്യയിലെ പ്രക്ഷേപണ ശൃംഖലയ്ക്ക് 'ആൾ ഇന്ത്യ റേഡിയോ' എന്ന പേര് നൽകിയതാര്?

A:-രവീന്ദ്രനാഥ ടാഗോർ

B:-ലയണൽ ഫീൽഡൻ

C:-ഇർവിംഗ് പ്രഭു

D:-സർദാർ വല്ലഭായ് പട്ടേൽ

Correct Answer:- Option-B

Question72:-സ്ഥാപിച്ചവർങ്ങളുടെ ക്രമം അനുസരിച്ച് താഴെപ്പറയുന്ന റേഡിയോനിലയങ്ങളുടെ ശരിയായ വിന്യാസം ഏത്?

A:-തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ

B:-കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം, ആലപ്പുഴ

C:-തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ

D:-കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ

Correct Answer:- Option-C

Question73:-ഒരു മാധ്യമം എന്ന നിലയിൽ മാതൃഭൂമി ആദ്യം പ്രസിദ്ധീകരിക്കപ്പെടുന്നത്

A:-ദ്വൈവാരികയായി

B:-മാസികയായി

C:-ദിനപ്പത്രമായി

D:-ത്രൈവാരികയായി

Correct Answer:- Option-D

Question74:-'ഭാഷിത വാങ്മയം' എന്ന പ്രയോഗം ഏതു മാധ്യമവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-ടെലിവിഷൻ

B:-റേഡിയോ

C:-ബ്ലോഗ്

D:-ചലച്ചിത്രം

Correct Answer:- Option-B

Question75:-ആകാശവാണിക്കും ദൂരദർശനും സ്വയംഭരണം നൽകുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി നിയോഗിക്കപ്പെട്ട ബി.ജി. വർഗ്ഗീസ് കമ്മറ്റി രൂപീകരിച്ചത് ആര്?

A:-എൽ.കെ. അദ്വാനി

B:-എ.ബി. വാജ്പേയ്

C:-ശങ്കർ ദയാൽ ശർമ

D:-ജവഹർലാൽ നെഹ്റു

Correct Answer:- Option-A

Question76:-'പ്ലേജറിസം' എന്നാൽ എന്ത്?

A:-ആശയവിവർത്തനം

B:-പദാനുപദവിവർത്തനം

C:-ആശയ ചോരണം

D:-ആശയ വിപുലനം

Correct Answer:- Option-C

Question77:-താഴെപ്പറയുന്ന പ്രസിദ്ധീകരണങ്ങളെ അവ പ്രസിദ്ധീകരിച്ച വർഷത്തിൻറെ ക്രമത്തിൽ വിന്യസിച്ചാൽ ശരിയായ ക്രമം ഏത്?
1. കേരളമിത്രം
2. കേരളപത്രിക
3. കേരളചന്ദ്രിക
4. കേരളോപകാരി

A:-4, 3, 1, 2

B:-1, 4, 2, 3

C:-4, 2, 3, 1

D:-1, 3, 4, 2

Correct Answer:- Option-A

Question78:-അടൂർ ഗോപാലകൃഷ്ണൻ ദൂരദർശനുവേണ്ടി സംവിധാനം ചെയ്ത ചലച്ചിത്രം ഏത്?

A:-എലിപ്പത്തായം

B:-കടവ്

C:-മതിലുകൾ

D:-വിധേയൻ

Correct Answer:- Option-C

Question79:-കമ്യൂണിക്കേഷൻ എന്ന പദത്തിൻറെ മൂലരൂപം ഏതു ഭാഷയിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണ്?

A:-സംസ്കൃതം

B:-ലത്തീൻ

C:-ഫ്രഞ്ച്

D:-ഇംഗ്ലീഷ്

Correct Answer:- Option-B

Question80:-താഴെ കൊടുത്തിരിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ മൂന്നെണ്ണം പൊതു സ്വഭാവം പങ്കുവയ്ക്കുന്നു. ഒരെണ്ണം വ്യത്യസ്തത പുലർത്തുന്നു. വ്യത്യസ്തമായ ഒന്ന് ഏത്?

A:-പശ്ചിമോദയം

B:-പശ്ചിമതാരക

C:-ജ്ഞാനനിക്ഷേപം

D:-രാജ്യസമാചാരം

Correct Answer:- Option-B

Question81:-ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ഭൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ് വരും.
വേഷസംഗതിയോട്ട ചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നു വരൂ ദൃഢം.
- ഈ വരികളുടെ രചയിതാവ് ആര്?

A:-ഉണ്ണായിവാരിയർ

B:-വെൺമണി മഹൻ

C:-കുഞ്ഞിക്കുട്ടൻ തമ്പുരാൻ

D:-കുഞ്ചൻ നമ്പ്യാർ

Correct Answer:- Option-D

Question82:-ജർമ്മൻ നാടകകൃത്തായ ഗോയ്ഥേയുടെ *ഡോ. ഫൗസ്റ്റ്* എന്ന നാടകത്തെ അതിജീവിച്ച് *ഡോ. ഫൗസറ്റ്* എന്ന ആട്ടക്കഥ രചിച്ചത് ആര്?

A:-അയ്യനം കൃഷ്ണക്കൈമൾ

B:-ഇരയിമ്മൻ തമ്പി

C:-എൻ.വി. കൃഷ്ണവാരിയർ

D:-വി. മാധവൻ നായർ

Correct Answer:- Option-A

Question83:-ചേരുംപടി ചേർക്കുക.
a) സംഗീതനൈഷധം 1) എരുവയിൽ ചക്രപാണിവാര്യർ
b) സദാരാമ 2) ടി.സി. അച്യുതമേനോൻ
c) നചികേതസ്സ് 3) വിദ്വാൻ പി കേളു നായർ
d) പാക്കനാർ ചരിതം 4) കുട്ടമത്ത് കുന്നിയൂര് കുഞ്ഞുകൃഷ്ണക്കുറുപ്പ്
5) കെ.സി. കേശവപ്പിള്ള

A:-a-3, b-4, c-1, d-2

B:-a-2, b-5, c-4, d-3

C:-a-3, b-5, c-4, d-1

D:-a-2, b-3, c-1, d-4

Correct Answer:- Option-B

Question84:-'നളചരിതത്തിലെ ഭാഷ മണിയും പ്രവാളവും കലർത്തു ചേർത്തതല്ല. സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേർത്തുരുക്കിയ ഒരു വെങ്കലഭാഷയാണ്.' ഈ പ്രസ്താവന ആരുടേതാണ്?

A:-ആറ്റൂർ കൃഷ്ണപ്പിഷാരടി

B:-പന്മന രാമചന്ദ്രൻ നായർ

C:-എ.ആർ. രാജരാജവർമ്മ

D:-വള്ളത്തോൾ നാരായണ മേനോൻ

Correct Answer:- Option-C

Question85:-തെറ്റായ ജോഡി കണ്ടെത്തുക.

A:-കന്യക - എൻ. കൃഷ്ണപിള്ള

B:-ലങ്കാലക്ഷ്മി - സി.എൻ. ശ്രീകണ്ഠൻ നായർ

C:-ആ മനുഷ്യൻ നീ തന്നെ - തോപ്പിൽ ഭാസി

D:-ഋതുമതി - പ്രേംജി

Correct Answer:- Option-C

Question86:-ചേരുംപടി ചേർക്കുക.
a) ഉദകപ്പോള 1) ഭാർഗവീനിലയം

b) നീലവെളിച്ചം 2) എന്ന് സ്വന്തം ജാനകിക്കുട്ടി
c) കൊച്ചു കൊച്ചു ഭൂകമ്പങ്ങൾ 3) തുവാനത്തുമ്പികൾ
d) ഭാസ്കരപട്ടേലരും എൻറെ ജീവിതവും 4) ഇന്നലെ
5) വിധേയൻ

A:-a-3, b-1, c-2, d-5

B:-a-2, b-3, c-4, d-1

C:-a-2, b-3, c-4, d-5

D:-a-3, b-4, c-2, d-5

Correct Answer:- Option-A

Question87:-മലയാളസിനിമയിലെ ലക്ഷണമൊത്ത പൊളിറ്റിക്കൽ സറ്റയർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പഞ്ചവടിപ്പാലം എന്ന ചലച്ചിത്രത്തിൻറെ സംവിധായകൻ ആരായിരുന്നു?

A:-സത്യൻ അന്തിക്കാട്

B:-ഹരിഹരൻ

C:-വി.ആർ. ഗോപിനാഥ്

D:-കെ.ജി. ജോർജ്

Correct Answer:- Option-D

Question88:-താഴെ കൊടുത്ത പ്രസ്താവനകൾ വായിച്ച് ശരിയായ ഉത്തരം കണ്ടെത്തുക.
പ്രസ്താവനകൾ
1. മറക്കുടക്കുള്ളിലെ മഹാനരകം എന്ന നാടകം സംഗീതനാടകങ്ങളുടെ ഗണത്തിൽ പെടുത്താവുന്ന ഒന്നാണ്.
2. കന്യക എന്ന നാടകം ഒരു വെള്ളരിനാടകമാണ്.
3. ദൈവത്താർ എന്ന നാടകം തനത് നാടകങ്ങളുടെ കൂട്ടത്തിൽ പെടുത്താവുന്ന ഒന്നാണ്.
4. എക്സ്പ്രഷനിസ്റ്റ് ശൈലിയിലുള്ള നാടകമാണ് സമത്വവാദി.

A:-പ്രസ്താവനകളിൽ 3, 4 എന്നിവ മാത്രം ശരിയാണ്

B:-പ്രസ്താവനകളിൽ 1, 2, 4 എന്നിവ തെറ്റാണ്

C:-പ്രസ്താവനകളിൽ 1, 2 എന്നിവ മാത്രം ശരിയാണ്

D:-പ്രസ്താവനകൾ നാലും ശരിയാണ്

Correct Answer:- Option-A

Question89:-1930ൽ പ്രസിദ്ധീകരിച്ച മാതൃഭൂമിപ്പതിപ്പിൻറെ അവതാരികയിൽ 'ഈ നാടകം അക്കാലത്തെ ആറ്റംബോംബാണെന്ന്' അവതാരികാകാരനായ കെ. കേളപ്പൻ പറഞ്ഞിട്ടുണ്ട്. നാടകം തിരിച്ചറിയുക.

A:-നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി

B:-അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

C:-ഇജ്ജ് നല്ലൊരു മന്സനാവാൻ നോക്ക്

D:-പാട്ടബാക്കി

Correct Answer:- Option-B

Question90:-ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ-
ന്നിരിക്കുന്നെങ്കിലമ്മാത്രമുരയ്ക്കാമെന്നതേ വേണ്ടൂ.
- കുഞ്ചൻ നമ്പ്യാരുടെ ഏത് കൃതിയിലെ വരികളാണിവ?

A:-കല്യാണസൗഗന്ധികം ശീതങ്കൻതുള്ളൽ

B:-കുംഭകർണ്ണവധം പറയൻതുള്ളൽ

C:-ഘോഷയാത്ര ഓട്ടൻതുള്ളൽ

D:-സഭാപ്രവേശം പറയൻതുള്ളൽ

Correct Answer:- Option-B

Question91:-"മരണത്തെ അതിജീവിക്കാൻ ശ്രമിക്കുന്നതും ഇന്നും നിലനിൽക്കുന്നതുമായ ജീവാശ്മമാണ് ഫോക് ലോർ" എന്ന് നിർവചിച്ചത് ആര്?

A:-രാഘവൻ പയ്യനാട്

B:-ഗ്രിം സഹോദരന്മാർ

C:-ഫ്രാൺസിസ് പോട്ടർ

D:-വില്യം ജോൺസ്

Correct Answer:- Option-C

Question92:-കേരളത്തിൽ അധിവസിക്കുന്ന എല്ലാ ജാതിക്കാരിലും കാണപ്പെടുന്നത് ഒരേ ജനിതകഘടനതന്നെയാണെന്നും അതിനാൽ ജാതീയമായ വിഭജനം അർത്ഥരഹിതമാണെന്നും ശാസ്ത്രീയമായി തെളിയിക്കുന്ന "മലയാളി ഒരു ജനിതക വായന" എന്ന പുസ്തകം രചിച്ചത് ആര്?

A:-ഡോ. രാജശേഖരൻ

B:-കെ. സേതുരാമൻ

C:-എ. അയ്യപ്പൻ

D:-ഡോ. അച്യുത് ശങ്കർ

Correct Answer:- Option-B

Question93:-താഴെപ്പറയുന്നതിൽ പ്രക്തനഗോത്രവിഭാഗത്തിൽ ഉൾപ്പെടാത്ത ആദിവാസി ഗോത്രം ഏത്?

A:-കാണിക്കാർ

B:-കാടർ

C:-കാട്ടുനായ്ക്കർ

D:-കുറുമ്പർ

Correct Answer:- Option-A

Question94:-ഫോക് ലോർ പഠനവുമായി ബന്ധപ്പെട്ട "ദേശാന്തരഗമന സിദ്ധാന്തം" അവതരിപ്പിച്ചത് ആര്?

A:-മാക്സ്മുള്ളർ

B:-വില്യം ജെ. തോംസൺ

C:-ലെവിസ്ട്രോസ്

D:-തിയോഡർ ബെൻഫെ

Correct Answer:- Option-D

Question95:-അയിത്തനിർമാർജനം ജിവിതവ്രതമായി സ്വീകരിച്ച്, അത് ഇല്ലായ്മചെയ്യുന്നതിന് ഗാന്ധിജിയുടെ അനുവാദത്തോടെ വൈക്കം സത്യാഗ്രഹം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ, സത്യാഗ്രഹത്തിൻറെ മൂലകാരണമായ സാമൂഹിക പരിഷ്കർത്താവ് ആര്?

A:-പെരിയാർ

B:-ശ്രീനാരായണഗുരു

C:-ടി.കെ. മാധവൻ

D:-കെ. കേളപ്പൻ

Correct Answer:- Option-C

Question96:-"മുല്ലൈ" എന്ന അകത്തിണയ്ക്ക് സമാനമായ പുറത്തിണ ഏത്?

A:-വെട്ച്ചി

B:-വഞ്ചി

C:-ഉഴിഞ്ഞൈ

D:-തുമ്പൈ

Correct Answer:- Option-B

Question97:-കേരളത്തിൽ നടന്ന ആദ്യ കർഷകസമരത്തിന് നേതൃത്വം നൽകിയ നവോത്ഥാനനായകൻ ആര്?

A:-ഇ.എം.എസ്.

B:-പണ്ഡിറ്റ് കെ.പി. കറുപ്പൻ

C:-അയ്യങ്കാളി

D:-കുമാരഗുരുദേവൻ

Correct Answer:- Option-C

Question98:-നാല്പ പുരുഷാർത്ഥങ്ങളുള്ളതിൽ "തിരുക്കുറളി"ൽ പ്രാധാന്യം കൽപ്പിക്കാത്ത പുരുഷാർത്ഥം ഏത്?

A:-ധർമ്മം

B:-അർത്ഥം

C:-കാമം

D:-മോക്ഷം

Correct Answer:- Option-D

Question99:-പോർട്ടുഗീസ് ബന്ധത്തിൻറെ ഫലമായി കേരളത്തിനു ലഭിച്ച കലാരൂപം ഏത്?

A:-തിരുവാതിരക്കളി

B:-ഒപ്പന

C:-ചവിട്ടുനാടകം

D:-സംഗീതനാടകം

Correct Answer:- Option-C

Question100:-തിരുവിതാംകൂർ നിയമസഭയിലും സർക്കാർ ഉദ്യോഗങ്ങളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് സി. കേശവൻ, പി.കെ. കുഞ്ഞ്, എൻ.സി. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച സമരം ഏത് പേരിൽ അറിയപ്പെടുന്നു?

A:-നിവർത്തനപ്രക്ഷോഭണം

B:-മലയാളി മെമ്മോറിയൽ

C:-ഈഴവ മെമ്മോറിയൽ

D:-നിസ്സഹകരണപ്രസ്ഥാനം

Correct Answer:- Option-A